"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-ആട്ടോകാസ്റ്റ് ലിമിറ്റഡിന് നിലവിൽ അനുവദിച്ചിരുന്ന ഗ്യാരന്റി പരിഷ്കരിച്ച് ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കെ.എസ്.ഐ.ഡി.സി/കെ.എഫ്.സി ഉൾപ്പെടെയുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ 10 കോടി രൂപയുടെ വായ്പ എടുക്കുന്നതിന് അനുവദിച്ച് കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ(ഡി) വകുപ്പ്

സ.ഉ.(കൈ) നം.70/2023/ID തീയതി,തിരുവനന്തപുരം, 25-09-2023

---

പരാമർശം:-
1. 17/04/2018-ലെ സ.ഉ(കൈ)നം.32/2018/വ്യവ നമ്പർ ഉത്തരവ്
2. 16/08/2022-ലെ സ.ഉ(കൈ)നം.82/2022/വ്യവ നമ്പർ ഉത്തരവ്
3. ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 12/04/2023-ലെ AKL:MD:01:013, 25/05/2023-ലെ AKL:MD:01:2023-24/086 എന്നീ നമ്പർ കത്തുകൾ
4. റിയാബ് സെക്രട്ടറി (നിലവിലെ ബി പി ടി മെമ്പർ സെക്രട്ടറി) സമർപ്പിച്ചിട്ടുള്ള 18/05/2023-ലെ AKL/I-0/2023/D-262 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാൽകൃത ബാങ്കുകളിൽ നിന്നും 10 കോടി രൂപ വായ്പ എടുക്കുന്നതിന് പരാമർശം (1)ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച് കേരള ബാങ്കിൽ നിന്ന് കൂടി പ്രസ്തുത തുകക്ക് വായ്പ എടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ആട്ടോകാസ്റ്റിന് വൻതോതിൽ സ്റ്റാറ്റ്യൂട്ടറി കുടിശിക ഉള്ളതിനാൽ കേരള ബാങ്കിൽ നിന്നും വായ്പ ലഭ്യമാകാത്ത സാഹചര്യം ഉണ്ടാവുകയും കമ്പനി ഇൻഡ്യൻ റെയിൽവേയിൽ നിന്നും എടുത്തിട്ടുള്ള ഓർഡറുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാതെ വരുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇൻഡ്യൻ റെയിൽവേയിൽ നിന്നും ലഭിച്ചിട്ടുള്ള ഓർഡറുകൾ പ്രാവർത്തികമാക്കുന്നതിനായി വൻതോതിലുള്ള ഉൽപ്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് 10 കോടി രൂപയുടെ പ്രവർത്തന മൂലധനസഹായം അനുവദിക്കണമെന്ന് ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3 )പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവർത്തനമൂലധന വായ്പ നൽകാമെന്ന വാഗ്ദാനത്തിൽ നിന്നും കേരള ബാങ്ക് പിൻമാറിയ സാഹചര്യം കണക്കിലെടുത്തും ആട്ടോകാസ്റ്റ് ലിമിറ്റഡിന് അനുവദിച്ചിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി ഉപയോഗപ്പെടുത്തി കമ്പനി ഇതുവരെ വായ്പ എടുത്തിട്ടില്ലാത്തതിനാലും ഗ്യാരന്റി കമ്മീഷൻ കുടിശിക ഇല്ലാത്തതിനാലും ഗ്യാരന്റിയുടെ കാലാവധി കാലഹരണപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിലും കേരള ബാങ്കിൽ നിന്നും 10 കോടി രൂപ വായ്പ എടുക്കുന്നതിന് 16/08/2022 -

ലെ സ.ഉ.(കൈ)നം.82/2022/വ്യവ ഉത്തരവ് പ്രകാരം അനുവദിച്ച ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിച്ച്, ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കെ.എസ്.ഐ.ഡി.സി/കെ.എഫ്.സി ഉൾപ്പെടെയുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ 10 കോടി രൂപയുടെ വായ്പ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് ഉത്തരവാകുന്നു.

4) ഗ്യാരന്റി ഉടമ്പടി ഒപ്പിട്ടപ്പോൾ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണ്. കമ്പനി ഗ്യാരന്റി കമ്മീഷൻ അടക്കുന്നത് വ്യവസായ വാണിജ്യ ഡയറക്ടർ നിരീക്ഷിക്കേണ്ടതും കമ്പനിക്ക് ഗ്യാരന്റിയായി നൽകിയ മുതലിൽ ബാക്കി അടക്കാനുള്ള മുതൽ,പലിശ ,അടച്ച മുതൽ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള തിരിച്ചടവ് സ്റ്റേറ്റ്മെൻറ് കമ്പനി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

സർക്കാരിന് വേണ്ടി വ്യവസായ വകുപ്പ് അഡിഷണൽ സെക്രട്ടറി ഗ്യാരണ്ടി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഗ്യാരന്ററി രേഖ ഒപ്പ് വെക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMAN BILLA

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്, എസ്.എൻ പുരം, ചേർത്തല
ദേശസാൽകൃത ബാങ്കുകൾ (ആട്ടോകാസ്റ്റ് എം.ഡി മുഖേന)
കെ.എസ്.ഐ.ഡി.സി/കെ.എഫ്.സി (ആട്ടോകാസ്റ്റ് എം.ഡി മുഖേന)
ലെന്റിംഗ് ബാങ്കുകൾ (ആട്ടോകാസ്റ്റ് എം.ഡി മുഖേന)
കേരള ബാങ്ക് (ആട്ടോകാസ്റ്റ് എം.ഡി മുഖേന)
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ് II),കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ് (20/09/2023ലെ ഇനം. നമ്പർ ..1759. പ്രകാരം)
ധനകാര്യ വകുപ്പ് (16/08/2023-ലെ അനൗദ്യോഗിക നമ്പർ 2488834/പിയു-ബി3/62/2023/ധന)
മെമ്പർ സെക്രട്ടറി, ബി പി ടി, തിരുവനന്തപുരം
ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Divya Y V
Date: 20-09-2023 14:18:44

പകർപ്പ് :- സ.ഉ.(കൈ)നം.82/2022/വ്യവ. നമ്പർ തീർപ്പ് ഫയലിലേക്കായി.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-09-2023

ഫയൽ നം. ഡി2/74/2023/വ്യവ. ഇനം നം: 1759

വിഷയം : വ്യവസായ വകുപ്പ് - ആട്ടോകാസ്റ്റ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 10 കോടി രൂപ വായ്പ എടുക്കുന്നതിന് 16.08.2022-ലെ സ.ഉ.(കൈ)നം.82/2022/വ്യവ. പ്രകാരം ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പരിഷ്കരിച്ച് ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കെ.എസ്.ഐ.ഡി.സി./കെ.എഫ്.സി. ഉൾപ്പെടെയുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ടി വായ്പ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

B. Suman 21/9

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

OSD

21/9/23

21/9/23

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി2/74/2023/വ്യവ. |
| 2 | വകുപ്പ് | : | വ്യവസായ (ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - ആട്ടോകാസ്റ്റ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 10 കോടി രൂപ വായ്പ എടുക്കുന്നതിന് 16/08/2022- ലെ സ.ഉ.(കൈ)നം.82/22/വ്യവ. പ്രകാരം ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പരിഷ്കരിച്ച് ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കെ. എസ്. ഐ. ഡി. സി / കെ. എഫ്. സി ഉൾപ്പെടെയുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ടി വായ്പ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08/06/2023 Note #19 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല<br>ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം. എ. റജീന ബീഗം. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സുമൻ ബില്ല |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 04-09-2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 4.9.23 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 5/9/2023 |
| 14 | കരട് കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ചതീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

10 കോടി രൂപ വായ്പ എടുക്കുന്നതിന് ആട്ടോകാസ്റ്റ് ലിമിറ്റഡിന് അനുവദിച്ച നൽകിയിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിക്കുന്ന കാര്യമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

2. ഇന്ത്യൻ റെയിൽവേക്കായി കാസ്നബ് ബോഗി ഫ്രെയിമുകൾ നിർമ്മിക്കുന്നതിന് അടിയന്തര പ്രവർത്തനമൂലധന സഹായം നൽകണമെന്ന് 12/04/2023-ലെ കത്ത് പ്രകാരം ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ആട്ടോകാസ്റ്റ് നേരിടുന്ന പ്രവർത്തന മൂലധന അപര്യാപ്തത ഇന്ത്യൻ റെയിൽവേക്കുള്ള ഉൽപ്പന്നങ്ങളുടെ വിതരണമുൾപ്പെടെയുള്ള വിതരണ ശൃംഖലയെ ബാധിച്ചിട്ടുണ്ട്. ഇതിലുപരി ഡെലിവറി ഷെഡ്യൂളുകൾ നീട്ടുന്നതിന് സാധ്യമല്ലെന്ന് റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിക്ക് വൻതോതിൽ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ ഉള്ളതിനാൽ പ്രവർത്തനമൂലധനം നൽകുവാൻ ധനകാര്യ സ്ഥാപനങ്ങൾ തയ്യാറല്ല. അതിനാൽ ഇന്ത്യൻ റെയിൽവേയോടുള്ള പ്രതിബദ്ധത പാലിക്കുന്നതിനും വൻതോതിലുള്ള നിരന്തരമായ ഉൽപ്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും 1000 ലക്ഷം രൂപയുടെ പ്രവർത്തനമൂലധനസഹായം അനുവദിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3. ചുവടെ ചേർത്തിരിക്കുന്ന ഏതെങ്കിലും മാർഗ്ഗങ്ങൾ ഉപയോഗിച്ച് ആട്ടോകാസ്റ്റ് ലിമിറ്റഡിന് പ്രവർത്തനമൂലധന വായ്പ നൽകാവുന്നതാണെന്ന് റിയാബ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

i) റെയിൽവേ നൽകുന്ന ഓർഡറുകൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക സഹായമായി ആട്ടോകാസ്റ്റിന് 10 കോടി രൂപയുടെ പ്രവർത്തനമൂലധന വായ്പ സർക്കാരിന് നൽകാവുന്നതാണ്. ഇങ്ങനെ നൽകുന്ന ഫണ്ടുകൾ പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് പ്രൊവിഷനുകളിൽ നിന്നോ ഉപധനാഭ്യർത്ഥനകളിലൂടെയോ ഉള്ള സേവിംഗ്സിൽ നിന്ന് ക്രമപ്പെടുത്താവുന്നതാണ്.

ii) ബാങ്കുകൾ / ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 10 കോടി രൂപയുടെ പ്രവർത്തന മൂലധനസഹായം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നൽകാവുന്നതാണ്. മേൽപ്പറഞ്ഞ വായ്പ ലഭ്യമാക്കുന്നതിന് വായ്പ നൽകുന്ന ബാങ്കുകൾക്ക് / ധനകാര്യ സ്ഥാപനത്തിന് പ്രത്യേകമായി ഗവൺമെന്റ് ഗ്യാരന്റി നൽകിക്കൊണ്ട് ഈ വിഷയത്തിൽ തത്വത്തിലുള്ള ഒരു തീരുമാനം സർക്കാർ കൈക്കൊള്ളേണ്ടതുണ്ട്.

iii) ആട്ടോകാസ്റ്റ് ലിമിറ്റഡ് ആവശ്യപ്പെടുന്ന 10 കോടി രൂപയുടെ പ്രവർത്തന മൂലധനവായ്പ യഥാർത്ഥത്തിൽ റീസൈക്കിൾ ചെയ്യുന്നുണ്ടെന്നും അത് സാമ്പത്തികനഷ്ടം നികത്തുവാൻ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കുവാൻ

വില്പനയിൽ നിന്ന് ലഭിക്കുന്ന വരുമാനം എസ്ക്രോ അക്കൗണ്ട് മുഖേന വായ്പ നൽകുന്ന ബാങ്കിന് / ധനകാര്യ സ്ഥാപനത്തിന് ലഭ്യമാക്കുന്ന തരത്തിൽ, അവർക്ക് പവർ ഓഫ് അറ്റോർണി നൽകുന്നതിനും ഗവൺമെന്റ് നിർദ്ദേശിക്കേണ്ടതുണ്ട്. ഭാവിയിൽ ലഭ്യമായേക്കാവുന്ന പ്രവർത്തന മൂലധന വായ്പയിൽ നിന്നും സ്റ്റാറ്റ്യൂട്ടറി അധികൃതർ അവരുടെ കുടിശ്ശിക ഈടാക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി ആട്ടോകാസ്റ്റ് ലിമിറ്റഡിനെ 1962-ലെ കേരള റിലീസ് അണ്ടർടേക്കിംഗ്സ് (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റിന് കീഴിൽ കൊണ്ടു വരേണ്ടതുണ്ട്.

4. ദേശസാൽകൃത ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് ആട്ടോകാസ്റ്റ് ലിമിറ്റഡിന് 17/07/2018-ലെ സ.ഉ.(കൈ)നം.32/2018/വ്യവ. പ്രകാരം ഗവൺമെന്റ് ഗ്യാരന്റി നേരത്തെ നൽകിയിരുന്നു. എന്നാൽ കമ്പനിയുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടും വ്യവസ്ഥാപിത മാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടിയും വായ്പയ്ക്കായി വിവിധ ബാങ്കുകളിൽ സമർപ്പിച്ച അപേക്ഷ നിരസിക്കുകയുണ്ടായി. പിന്നീട് കേരള ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനായി 16/08/2022 ലെ സ.ഉ.(കൈ)നം.82/2022/വ്യവ. പ്രകാരം ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിക്കരിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരള ബാങ്ക് വാഗ്ദാനത്തിൽ നിന്നും പിന്നോട്ടു പോവുകയും വായ്പ ലഭ്യമാക്കാത്ത സാഹചര്യം സൃഷ്ടിക്കുകയുമുണ്ടായി. മൂലധന വായ്പ കേരള ബാങ്ക് നൽകാമെന്ന ഉറപ്പ് കണക്കിലെടുത്തുകൊണ്ടാണ് പൊതുമേഖലാ ബാങ്കുകൾക്ക് നൽകിയിരുന്ന സർക്കാർ ഗ്യാരണ്ടി കേരള ബാങ്കിനു മാത്രമായി പരിമിതപ്പെടുത്തിയത്. എന്നാൽ പ്രസ്തുത വായ്പ പ്രതീക്ഷിച്ചുകൊണ്ട്

ആട്ടോകാസ്റ്റ് ലിമിറ്റഡ് ഇൻഡ്യൻ റെയിൽവേ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ നേടിയെടുത്തിരുന്ന കരാറുകൾ അനുസരിച്ച് ഉത്പാദനം നടത്തുവാൻ കഴിയാതെ വരികയും സ്ഥാപനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുവരികയുമാണ്. ഇന്ത്യൻ റെയിൽവേയിൽ നിന്ന് ലഭിച്ച ഓർഡറുകൾ പ്രാവർത്തികമാക്കുന്നതിന് കമ്പനിക്ക് അടിയന്തര പ്രവർത്തന മൂലധനം ആവശ്യമാണ്. ആയതിനാൽ പ്രവർത്തന മൂലധനമായി 10 കോടി രൂപ സർക്കാരിൽ നിന്നും പ്രത്യേക സഹായധനമായോ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ നിയന്ത്രിത ധനകാര്യ വായ്പാ സ്ഥാപനങ്ങളിൽ നിന്നും വായ്പയായോ അടിയന്തരമായി ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം KSIDC, KFC മുതലായ വായ്പ നൽകുന്ന ധനകാര്യസ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി അടിസ്ഥാനമാക്കി ചെറിയ കാലാവധിയിലേക്ക് വായ്പ പൊതുമേഖലാ സ്ഥാപനത്തിന് അനുവദിക്കാവുന്നതും നിശ്ചിത കാലയളവിനുള്ളിൽ എസ്ക്രോ അക്കൗണ്ട് (Escrow Account) മുഖേനയുള്ള ഇടപാടുകൾ വഴി വായ്പ അടവ് പൂർത്തിയാക്കാവുന്നതുമാണ്.

5. ആട്ടോകാസ്റ്റ് ലിമിറ്റഡിന് അനുവദിച്ചിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റിയിൽ നിന്നും കമ്പനി ഇതുവരെ തുക കൈപ്പറ്റിയിട്ടില്ലാത്തതും ഗ്യാരന്റി കമ്മീഷൻ മുൻപാകെ കുടിശ്ശിക ഇല്ലാത്തതും ആണ്. ഇതിലുപരി കമ്പനിക്ക് നൽകിയിരിക്കുന്ന ഗവൺമെന്റ് ഗ്യാരന്റിയുടെ കാലാവധി ഇതുവരെ കാലഹരണപ്പെട്ടിട്ടില്ലാത്തതുമാണ്. ആട്ടോകാസ്റ്റ് ലിമിറ്റഡിന് ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കെ. എസ്. ഐ. ഡി. സി / കെ. എഫ്. സി. ഉൾപ്പെടെയുള്ള ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ 10 കോടി രൂപയുടെ വായ്പ

എടുക്കുന്നതിന് വേണ്ടി നിലവിലെ ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ഈ വിഷയം ധനകാര്യവകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

6. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കെ. എസ്. ഐ. ഡി. സി, കെ. എഫ്. സി ഉൾപ്പെടെയുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കുന്നതിനായി, കേരള ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതിനായി നൽകിയ 16.08.2022-ലെ സ.ഉ.(കൈ)82/2022/വ്യവ. ഗവൺമെന്റ് ഗ്യാരന്റി ഉത്തരവ് പുതുക്കുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

7. ധനകാര്യ വകുപ്പിന്റെ അഭിപ്രായം പരിഗണിച്ചും ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും കേരള ബാങ്കിൽ നിന്ന് 10 കോടി രൂപ വായ്പ എടുക്കുന്നതിന് ആട്ടോകാസ്റ്റ് ലിമിറ്റഡിന് നിലവിൽ നൽകിയിട്ടുള്ള ഗവൺമെന്റ് ഗ്യാരന്റി പരിഷ്കരിക്കുന്നതിനുള്ള ശിപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ആട്ടോകാസ്റ്റ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 10 കോടി രൂപ വായ്പ എടുക്കുന്നതിന് 16/08/2022- ലെ സ.ഉ.(കൈ)നം.82/22/വ്യവ. പ്രകാരം ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പരിഷ്കരിച്ച് ദേശസാൽകൃത ബാങ്കുകളിൽ നിന്നോ കെ. എസ്. ഐ. ഡി. സി / കെ. എഫ്. സി ഉൾപ്പെടെയുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ടി വായ്പ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് നൽകാമോ?

04/09/23

4/9/23

4/9/2023

4/9/23

4/9/23

4/9